stationed by the Kunnamkulam Rural Reconstruction Centre. The bull was purchased by the Centre.

(c) Yes.

(d) Amballur Co-operative Society .. Rs. 300.
Anthikkad do. do. .. Rs. 300.
Chowwara do. do. .. Rs. 300.
Rural Reconstruction Range Ramavarmapuram .. Rs. 150.

Mr. P. K. Madhava Menon *(Narakkal):* There is a small correction to be made in this answer. The stud bull maintained by the Chowwara Co-operative Society died a short while ago. There is no stud bull at Chowwara now.

Dr. A. R. Menon *(Minister for Rural Development):* The answer was furnished at the time the question was asked. It might be after this question was answered that the bull died.

Mr. A. L. Antony *(Irinjalakkuda):* Is it the system that only the society can have bulls ?

Dr. A. R. Menon *(Minister for Rural Development):* No. Anybody who comes for it.

VETERINARY TRAINING—PARTICULARS REGARDING

242. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവമ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചിയിൽ ഏതു കൊല്ലം മുതൽക്കാണ് "വെറ്ററിനറി" സ്കൂൾ തുറന്നതു;

(ബി) ഇതുവരെ എത്രപേരെ ട്രെയിൻ ചെയ്യിച്ചിട്ടുണ്ട്;

(സി) ട്രെയിനിംഗ് എത്രനാൾ വേണം;

(ഡി) എവിടെയാണ് ഇവരെ പഠിപ്പിക്കുന്നതു;

(ഇ) ഈ ട്രെയിനിംഗിനു് ചേർക്കുന്നവർക്കുണ്ടായിരിക്കേണ്ട മിനിമം ലിറ്ററസി ക്വാളിഫിക്കേഷൻ എന്താണ്;

(എഫ്) ഈ സ്കൂളിൽനിന്നു വെറ്ററിനറി ട്രെയിനിംഗ് പരീക്ഷ പാസ്സായവർ എത്രപേരുണ്ട്;

(ജി) അവരിൽ ആർക്കെങ്കിലും ഗവമ്മെണ്ട് സർവ്വീസിൽ വല്ല ജോലിയും കൊടുത്തിട്ടുണ്ടോ;

(എച്ച്) ഈ-സ്കൂളിൽനിന്നും ആദ്യം ട്രെയിനിംഗ് കഴിഞ്ഞതിനുശേഷം എത്ര മൃഗാസ്പത്രികൾ തുറന്നിട്ടുണ്ട്?

ഡോക്ടർ എ. ആർ. മേനോൻ :

(എ) വെറ്ററിനറി സ്കൂൾ ക്വാർട്ടേഴ്സ്-ൽ ആരംഭിച്ചു എങ്കിലും ശരിയായ പഠിപ്പു് ക്വാർട്ടർ എടവത്തിലെ തുടങ്ങിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടു കട്ടികളെ.

(സി) ഒരു കൊല്ലം.

(ഡി) തൃശ്ശിവപേരൂർ മൃഗാസ്പത്രിയിൽ.

(ഇ) സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായവരായിരിക്കണം. എന്നാൽ ഇവരുടെ അഭാവത്തിൽ സ്കൂൾ ഫൈനൽ കോഴ്സ് കഴിഞ്ഞവരെ എടുക്കുന്നതാണു്.

(എഫ്) രണ്ടു പേർ.

(ജി) ഇല്ല.

(എച്ച്) രണ്ടു മൃഗാസ്പത്രികളും തുറന്നിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഫ്രഫർ-ന്റെ ശേഷം എത്ര പുതിയ അപ്പോയിൻറുമെൻറുസ് വെറ്ററിനറി ഡിപ്പാർട്ടുമെണ്ടിൽ നടത്തീട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : എത്രയാണെന്നു പറയുവാൻ സാധിക്കുകയില്ല, കുറച്ചു നടന്നിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : രണ്ടു മൃഗാസ്പത്രികളും തുറന്നിട്ടുള്ളതിൽ ട്രെയിനിംഗു കഴിച്ചവരെ അപ്പോയിൻറു് ചെയ്യേണ്ട കാര്യം ആലോചിച്ചിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : ട്രെയിനിംഗു നടത്തുമ്പോൾ തന്നെ ഗവമ്മെണ്ടു പണി തരികയില്ലെന്നുള്ള കരാറോടുകൂടിയാണു് പഠിപ്പിക്കുന്നതു്. ആ നിലക്കാണു് കൊടുക്കാതിരുന്നതു്. എനിക്കു് ഈ കേസ്സു നല്ലവണ്ണം മനസ്സിലായിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ട്രെയിനിംഗു് കഴിച്ചതു ഉദ്യോഗം കിട്ടുവാൻ പ്രതിബന്ധമാകുന്നില്ലേ ? ട്രെയിനിംഗു കഴിച്ചാൽ ഉദ്യോഗം കൊടുക്കണമെന്ന നിബ്ബന്ധമില്ലെന്നല്ലേ ഉള്ളു ?

ഡോക്ടർ എ. ആർ. മേനോൻ : അങ്ങിനെ ട്രെയിനിംഗു കഴിച്ചവർക്കെല്ലാം ഉദ്യോഗം കൊടുക്കുകയാണെങ്കിൽ കമ്മ്യൂണൽ റൊട്ടേഷനും മറ്റും നോക്കി ചെയ്യേണ്ടിവരും. അതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടിൽനിന്നു് എഴുതിയയക്കുന്നപ്രകാരം കൊടുക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ് പണിക്കർ : പുതിയ നിയമനം നടത്തുമ്പോൾ ട്രെയിനിംഗു കഴിച്ചവർക്കു കൊടുക്കുന്നതല്ലേ നല്ലതു് ?

മിസ്റ്റർ സി. വി. ഐയ്പ്പു : കാളകൾക്കു് ഉടക്കുവാനുള്ള ആയുധം ഓരോരുത്തർക്കും ഗവമ്മെണ്ടിൽനിന്നു വെറുതെ കൊടുക്കുമോ ?

ഡോക്ടർ എ. ആർ. മേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

VANDITHODE IRRIGATION SYSTEM—PARTICULARS REGARDING

243. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ.—

(എ) വണ്ടിത്തോട്ടു് ഇറിഗേഷൻ സിസ്റ്റത്തിന്റെ നടത്തിപ്പു നല്ലേപ്പിള്ളി പഞ്ചായത്തിന്റെ കീഴിലല്ലേ;

LIBRARY ARCHIVES Kerala Legislative Assembly